പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 940 — 10.02.2016 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളിലെ കാലാനുസൃത കോഴ്സുകൾ

**ചോദ്യം**

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ കാലാനുസൃതമായ കോഴ്സുകളും ഗുണനിലവാരമുള്ള ആധുനിക പരിശീലനവും നൽകുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1 ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തൽ.

കേന്ദ്ര ഗവൺമെന്റ് 2005 ൽ ആരംഭിച്ച മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ കാലാനുസൃതമായ പുതിയ ട്രേഡുകൾ/മൾട്ടി സ്കിൽ ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

2. Revamping

DGT യുടെ നിർദ്ദേശ പ്രകാരം ജോലി സാദ്ധ്യത കുറഞ്ഞ കോഴ്സുകൾ നിർത്തലാക്കി ജോലി സാധ്യത കൂടിയ ആധുനിക ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

സംസ്ഥാനത്തെ ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് ഗുണനിലവാരമുള്ള ആധുനിക പരിശീലനം നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

### 1. വിർച്വൽ ക്ലാസ്സ്റൂം

വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വിർച്വൽ ക്ലാസ്സ്റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിദഗ്ധ പരിശീലകൻ വിദൂര ദേശത്തുനിന്നും എടുക്കുന്ന ക്ലാസ് ടി ഐ.ടി.ഐ.കളിൽ ഒരേ സമയം പരിശീലനാർത്ഥികൾക്ക് കാണുന്നതിനും സംശയ നിവാരണം നടത്തുന്നതിനും സാധിക്കുന്നു. ഇതോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുന്നു.

**2. ത്രി-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്**

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയത്തിലും ആട്ടോ മൊബൈൽ, ഡ്രി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിലും ത്രി-ഡി-ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് സോഫ്റ്റ് വെയർ നടപ്പിലാക്കി.

(ബി) ഐ.ടി.ഐ കളിലെ ഭൗതിക സൗകര്യം ഉയർത്തുന്നതിന് രൂപീകരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(ബി) 2015-16 സാമ്പത്തിക വർഷം വിവിധ ഐ.ടി.ഐ. കളിലെ (17 ഐ.ടി.ഐ.) ഇലക്ട്രിഫിക്കേഷൻ വർക്കിനു വേണ്ടി 8 കോടി രൂപയും, സംസ്ഥാനത്തെ 8 ഐ.ടി.ഐ. കളിലെ ക്ലാസ്സ് റൂം/വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനു വേണ്ടി 2.4 കോടി രൂപയും, വിവിധ ഐ.ടി.ഐ. കളിലെ വർക്ക്ഷോപ്പ് കെട്ടിട നവീകരണ ത്തിനുവേണ്ടി 3 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ അഫിലിയേഷൻ/റീ അഫിലിയേഷൻ നേടുന്നതിന്റെ ഭാഗമായുള്ള ഉപകരണ സംഭരണ ത്തിനുവേണ്ടി ആകെ 20 കോടി രൂപയും അനുവദിക്കുക യുണ്ടായി.

(സി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം ഐ.ടി.ഐയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താത്ക്കാലിക സംവിധാനത്തിലാണ് നിലവിൽ ചെറിയമുണ്ടം ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ടി ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മതിയായ അടിസ്ഥാനസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണി ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ